**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 83** **06-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടിക ഗോത്ര വിദ്യാർത്ഥികളുടെ പഠനനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. എം.വിജിൻ** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പ്രാഥമിക തലം മുതൽ ഉന്നത തലം വരെയുള്ള വിദ്യാഭ്യാസരംഗത്ത് ഡിജിറ്റൽ വിദ്യാഭ്യാസവും ഓൺലൈൻ വിദ്യാഭ്യാസവും അനിവാര്യമായി മാറിയ സാഹചര്യത്തിൽ പട്ടികജാതി, പട്ടിക ഗോത്ര വർഗ്ഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾ പഠനോപകരണങ്ങളുടെയും പഠന സൗകര്യങ്ങളുടെയും അപര്യാപ്തത നേരിടുന്നത് പരിഹരിക്കാൻ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (എ) | പട്ടികവർഗ്ഗ വികസന വകുപ്പ്, കോളനികളിൽ സാമൂഹ്യപഠന മുറികൾ, പഠനകേന്ദ്രങ്ങൾ എന്നിവ സജ്ജീകരിക്കുകയും ഫെസിലിറ്റേറ്റർമാരെ നിയോഗിച്ച് പഠന സഹായം നൽകുകയും ചെയ്തുവരുന്നു. ഉന്നതവിദ്യാഭ്യാസ മേഖലയിലും പൊതുവിദ്യാഭ്യാസ മേഖലയിലും അർഹരായ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തു വരുന്നുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിലുള്ള കൈറ്റ് വിക്ടേഴ്സിലൂടെ എല്ലാ കുട്ടികൾക്കും ഡിജിറ്റൽ വിദ്യാഭ്യാസം നടപ്പിലാക്കിയിട്ടുണ്ട്. ആദിവാസി മേഖലയിലേതുൾപ്പെടെ എല്ലാ വിഭാഗം കുട്ടികൾക്കും ഓൺലൈൻ പഠനത്തിനുള്ള കണക്ടിവിറ്റി സൗകര്യങ്ങളും ഡിജിറ്റൽ ഉപകരണങ്ങളും ലഭ്യമാക്കുന്നതിനു നടപടി സ്വീകരിച്ചുവരുന്നു. കണക്ടിവിറ്റി ഇല്ലാത്ത പ്രദേശങ്ങളിൽ അനുയോജ്യമായ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് കണക്ടിവിറ്റി ലഭ്യമാക്കുന്നതിന് ടെലികോം/ഇന്റർനെറ്റ് സേവന ദാതാക്കൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ ബന്ധപ്പെട്ട വകുപ്പുകളുടെ പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ ഏകോപിപ്പിക്കുന്നതിനും പട്ടിക വർഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഉപയോഗിക്കുന്നതിനും ജില്ലാകളക്ടർമാർക്ക് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഇത്തരം സാഹചര്യങ്ങളിൽ പഠനപ്രവർത്തനങ്ങളിൽ പിന്നാക്കം പോയിട്ടുണ്ടാകാനിടയുള്ള പട്ടികജാതി, പട്ടികഗോത്ര വർഗ്ഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് ഇടപെടൽ നടത്തുമോ; വിശദമാക്കുമോ; | (ബി) | എല്ലാ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കും ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, ഫീസാനുകൂല്യങ്ങൾ, പ്രൈമറി/സെക്കന്ററി എഡ്യൂക്കേഷണൽ എയ്ഡ് എന്നിവ വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ മെസ് അലവൻസ്, പോക്കറ്റ് മണി എന്നിവയും നൽകിവരുന്നു. സാമൂഹ്യപഠനമുറികളിലും പൊതുഇടങ്ങളിലും ഓൺലൈൻ ക്ലാസുകൾക്കായി |

| | | | |
|---|---|---|---|
| | | | ദൃശ്യശ്രാവ്യ സംവി ധാനങ്ങൾ ഏർപ്പെടുത്തുകയും ഫെസിലിറ്റേറ്റർ മാരുടെ സേവനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളിലെ സ്മാർട്ട് ക്ലാസ് റൂമുകൾ ഉപയോഗപ്പെടുത്തികൊണ്ട് വിദ്യാർത്ഥി കൾക്കു വേണ്ടി പ്രത്യേക ഓൺലൈൻ ക്ലാസ്സുകൾ നൽകിവരുന്നുണ്ട്. കൂടാതെ ക്ലാസ്സുകൾ റെക്കോർഡ് ചെയ്ത് വിദൂര സ്ഥലങ്ങളിലുള്ള കോളനികളിൽ എത്തിക്കുന്നുണ്ട്. |
| (സി) | പട്ടികജാതി, പട്ടിക ഗോത്രവർഗ്ഗ വിദ്യാർത്ഥികളുടെ പൊതുവേയുള്ള പഠന പിന്നാക്കാവസ്ഥ പരിഹരിക്കാൻ നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | (സി) | പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി വകുപ്പിനു കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ ഉൾപ്പെടെയുള്ള നൂതന പഠന സങ്കേതങ്ങളും അത്യാധുനിക ലാബോറട്ടറികൾ, ഡിജിറ്റൽ ലൈബ്രറി, ലാംഗ്വേജ് ലാബ് തുടങ്ങിയ പഠനാനുബന്ധ സജ്ജീകരണ ങ്ങളും ഒരുക്കിയിട്ടുണ്ട്. വകുപ്പിനു കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിൽ പഠന സൗകര്യങ്ങൾ വർധിപ്പിക്കുകയും കൂടുതൽ വിഷയങ്ങൾക്ക് ട്യൂട്ടർമാരെ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പട്ടിക വർഗത്തിൽപ്പെട്ട അദ്ധ്യാപന യോഗ്യത യുള്ളവരെ പ്രൈമറി ക്ലാസ്സുകളിൽ സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ മെന്റർ ടീച്ചർമാരായി ഗോത്രബന്ധു പദ്ധതി പ്രകാരം നിയമിക്കുന്നു. പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി സ്റ്റുഡൻസ് കൗൺസിലർമാരുടെയും പാർട്ട് ടൈം ട്യൂട്ടർമാരുടെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസരംഗത്ത് കൂടുതൽ പട്ടിക വർഗ്ഗ വിദ്യാർത്ഥികളെ എത്തിക്കുന്നതിന് സർവ്വകലാശാലകളുമായി ബന്ധപ്പെട്ട് സ്പോട്ട് അഡ്മിഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുകയും വകുപ്പിലെ കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ/ പ്രമോട്ടർമാർ/ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ എന്നിവരുടെ സഹകരണത്തോടെ വിദ്യാർത്ഥികൾക്ക് പ്രവേശനം നേടി കൊടുക്കാനുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പഠന പിന്നാക്കാവസ്ഥ പരിഹരിക്കാനായി പട്ടികജാതി വികസന വകുപ്പിൽ പ്രൈമറി/ സെക്കന്ററി എഡ്യൂക്കേഷൻ എയ്ഡ്, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പ്രീമെട്രിക് സ്കോളർഷിപ്പ്, കമ്പ്യൂട്ടർ അധിഷ്ഠിത പ്രൊഫഷണൽ കോഴ്സുകൾക്കു ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം, MBBS, BDS വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം, എഞ്ചിനീയറിംഗ്/മെഡിക്കൽ കോഴ്സ് അഡ്മിഷൻ ലഭിച്ചവർക്ക് പ്രാഥമിക ചെലവിനുള്ള ആനുകൂല്യം, ബുക്ക് ബാങ്ക് പദ്ധതി, ബി.ടെക്-നു പഠിക്കുന്ന |

| | | | |
|---|---|---|---|
| | | | പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കുള്ള റെമഡിയൽ ട്യൂഷൻ പദ്ധതി, ഗവൺമെന്റ്/ എയ്ഡഡ് കോളേജുകളിൽ ബി.ടെക്-നു പഠിച്ചു കൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്കുള്ള പ്രത്യേക കോച്ചിംഗ് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ